ഉത്തരം

(എ) 9-5-2005-ലെ എസ്. VIII.ലെ ''ഡിസ്ട്രിബ്യൂട്ടഡ് കമ്പ്യൂട്ടിംഗ്''ന്റെ ചോദ്യപേപ്പർ ചോർന്നോ എന്ന് ആരാഞ്ഞ് വിവിധ മാധ്യമ ഓഫീസുകളിൽനിന്നും സർവ്വകലാശാലയിലേക്ക് അന്വേഷണം വന്നിരുന്നു.

(ബി) ഇല്ല.

(സി) സർവ്വകലാശാലക്ക് ഇക്കാര്യത്തിൽ പരാതിയൊന്നും ലഭിക്കാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

25-7-2005-ൽ മാനന്തവാടി ടൗണിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർക്ക് നേരെ നടന്നതായി പറയപ്പെടുന്ന പോലീസ് മർദ്ദനം

മി. സ്പീക്കർ: 27-5-2005-ൽ മാനന്തവാടി ടൗണിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർക്കുനേരെ പോലീസ് അതീവക്രൂരമായ ലാത്തിച്ചാർജ് നടത്തുകയും മർദ്ദനത്തിൽ സ്ത്രീകളും ജനപ്രതിനിധികളുമടക്കമുള്ളവർ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിലാവുകയും 32 പേരെ പോലീസ് അകാരണമായി കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്തതുമൂലം ഉളവായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വി. ജയരാജൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, എ. എ. അസീസ്, വി. സി. കബീർ, സി. കെ. നാണു, പി. പി. ജോർജ്ജ്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വയനാട് ജില്ലയിൽ മാനന്തവാടി ടൗണിലെ മാലിന്യങ്ങൾ ചൂട്ടക്കടവിൽ പഞ്ചായത്ത് വക സ്ഥലത്ത് നിക്ഷേപിക്കുന്നത് സംബന്ധിച്ച് മാനന്തവാടി പഞ്ചായത്ത് അധികൃതരും ചൂട്ടക്കടവ് നിവാസികളും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ചൂട്ടക്കടവിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനോടും സ്ഥലവാസികൾക്ക് എതിർപ്പുണ്ട്. കൂടാതെ ചൂട്ടക്കടവിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് Pollution Control Board അനുമതി നിഷേധിക്കുകയും മറ്റൊരു സ്ഥലം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇത്തരം തർക്കം നിലനിൽക്കേ 25-7-2005-ന് പഞ്ചായത്ത് അധികൃതരും നാനൂറിലധികം പേരും ചേർന്ന് രണ്ട് വാഹനങ്ങളിൽ മാലിന്യങ്ങൾ നിറച്ച് ചൂട്ടക്കടവിൽ നിക്ഷേപിക്കുന്നതിന് തയ്യാറായി വന്നു. ഈ വിവരമറിഞ്ഞ ചൂട്ടക്കടവ് നിവാസികൾ മാലിന്യവണ്ടി തടയുന്നതിന് സംഘടിച്ചുനിന്നു. ഒരു സംഘട്ടനം ഒഴിവാക്കുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനുമായി ഡി. വൈ. എസ്. പി.-യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം പോസ്റ്റ് ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

ജംഗ്ഷനിൽ വച്ച് മാലിന്യവുമായി വന്ന ജനക്കൂട്ടത്തെ തടഞ്ഞു. പ്രകോപിതരായ പ്രവർത്തകർ പോലീസിനുനേരെ കയ്യേറ്റം നടത്തുകയും ആക്രമാസക്തരാവുകയും ചെയ്തു. ആക്രമാസക്തരായവരെ പോലീസ് ലാത്തി വീശി വിരട്ടിയോടിച്ചു. ചിതറിയോടിയവരിൽ ഏതാനും പേർ ഒരു കെ. എസ്. ആർ. ടി. സി. ബസ്സിനും ഒരു പോലീസ് വാഹനത്തിനും നേരെ കല്ലെറിഞ്ഞ് കേടുപാടുകളും വരുത്തുകയും ഒരു ബാർബർ ഷോപ്പ് കല്ലെറിഞ്ഞ് തകർക്കുകയും ചെയ്തു. കല്ലേറിൽ സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ 10 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കുണ്ട്. ജനക്കൂട്ടത്തിനിടയിൽ പോലീസ് ലാത്തി വീശിയോടിച്ച അവസരത്തിൽ 17 പേർക്ക് പരിക്കുപറ്റി. അതിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാരദാ സഞ്ജീവൻ, വൈസ് പ്രസിഡന്റ് ശ്രീ. ഇ. ജെ. ബാബു എന്നിവരും ഉൾപ്പെടുന്നുണ്ട്. അവരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈ സംഘങ്ങൾക്ക് പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പുകൾ ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ ചേർത്ത് മാനന്തവാടി പോലീസ് സ്റ്റേഷനിൽ 3 കേസുകൾ രജിസ്റ്റർ ചെയ്യുകയും 31 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ മുപടി വാസ്തവവിരുദ്ധമായ ഒരു പ്രസ്താവന മാത്രമാണ്. പത്രങ്ങളിൽ വന്നിട്ടുള്ള വാർത്ത ''മാനന്തവാടിയിൽ ലാത്തിച്ചാർജ്''—അക്രമത്തിൽ 50 പേർക്ക് പരിക്ക്''. ''ചൂട്ടക്കടവിൽ മാലിന്യങ്ങൾ തള്ളുന്നതിനെതിരെയുള്ള പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിൽ പരിക്കേറ്റു''—മാതൃഭൂമി. ''മാനന്തവാടിയിൽ സംഘർഷം, ലാത്തിച്ചാർജ്ജ്, മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പോലീസ് തടഞ്ഞതാണ് ലാത്തിച്ചാർജ്ജിൽ എത്തിച്ചേർന്നത്''—കേരള കൗമുദി. അങ്ങ് ഏറ്റവും കൂടുതൽ വിശ്വസിക്കുന്ന മലയാള മനോരമ—''മാലിന്യം നീക്കലിനിടയിലെ സംഘർഷം—പോലീസിന്റെ ലാത്തിവീശൽ'' ഇങ്ങനെയെല്ലാം അവിടെ നടന്നിട്ടുള്ള സംഭവങ്ങളെ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടും എന്തുകൊണ്ടാണ് അങ്ങയുടെ പോലീസ് വാസ്തവവിരുദ്ധമായിട്ടുള്ള ഒരു പ്രസ്താവന നിയമസഭയിൽ നടത്തുന്നതിന് അങ്ങയെ പ്രേരിപ്പിച്ചത് എന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇത് ഒരു രാഷ്ട്രീയ പ്രശ്നമേയല്ല. അങ്ങ് എന്റെ വാക്കുകൾ കേൾക്കുമെങ്കിൽ, ഇതൊരു രാഷ്ട്രീയ പ്രശ്നമാക്കി മാറാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. അങ്ങയുടെ മന്ത്രിസഭയിലെ ഒരു സഹമന്ത്രിയായ ശ്രീ. റ്റി. കെ. രാമചന്ദ്രൻ മാസ്റ്റർ മാലിന്യ സംസ്കരണ പ്രശ്നത്തിൽ രാഷ്ട്രീയം കാണാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതിന് എന്നെ കുറ്റം പറയേണ്ട. മാനന്തവാടി ടൗണിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് പോലീസ് തടഞ്ഞു; ഭീകരമായി ലാത്തിച്ചാർജ്ജ് നടത്തി. ചപ്പുചവറുകൾ നീക്കം ചെയ്യാൻപോലും സാധിക്കാത്ത ഒരു ഭരണമാണ് ഇന്ന് കേരളത്തിൽ ഉള്ളത്. സാക്ഷര കേരളം ലജ്ജിച്ച് തല താഴ്ത്തുകയാണ്. 4 മാസമായി മാനന്തവാടിയിൽ ചപ്പുചവറുകൾ കെട്ടിക്കിടക്കുകയാണ്. കടകളിൽ നിന്നുള്ള ചവറുകൾ ഓരോ ദിവസവും റോഡരികിൽ നിക്ഷേപിക്കുന്നു. പഞ്ചായത്ത് ജീവനക്കാർ അത് നീക്കം ചെയ്യണം. പഞ്ചായത്തീരാജ് നിയമപ്രകാരം അത് അവരുടെ അധികാരപരിധിയിൽപ്പെട്ടതാണ്. അവരതിന് ബാദ്ധ്യസ്ഥരാണ്. ജനങ്ങൾ അധികം പാർപ്പില്ലാത്ത സ്ഥലത്തുകൊണ്ടുപോയി ഇത് നിക്ഷേപിക്കലാണ് ഇന്ന് മിക്ക പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്. എന്നാൽ ശാസ്ത്രീയമായി സംസ്കരിക്കണമെന്നതിനാൽ മാനന്തവാടി ഗ്രാമപഞ്ചായത്ത് 25 ലക്ഷം രൂപ ചെലവഴിച്ച് ജനപാർപ്പില്ലാത്ത പഞ്ചായത്തുവക സ്ഥലമായ ചൂട്ടക്കടവിൽ ഒരു പ്ലാന്റിന് പദ്ധതി തയ്യാറാക്കി; ഗ്രാമസഭ അതിന് രൂപം നൽകി; ഡി. പി. സി. അംഗീകരിച്ചു. ബ്ലോക്ക് തലത്തിലുള്ള കമ്മിറ്റി സാങ്കേതികാനുമതി നൽകി. അതിനുശേഷം Pollution Control Board-ൽ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചു. 2002 ജൂൺ മാസം Pollution Control Board അനുമതി നൽകി. Pollution Control Board-ന്റെ ഉത്തരവിന്റെ കോപ്പി എന്റെ കൈവശമുണ്ട്. അന്ന് ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്റർ മന്ത്രിയല്ല. Pollution Control Board നിയമാനുസൃതമായി അനുമതി നൽകി. ഇതിനെതിരെ ചിലർ ഹൈക്കോടതിയിൽ പോയി. 2003 ഒക്ടോബറിൽ ഹൈക്കോടതി നിയോഗിച്ച ജില്ലാകളക്ടർ ചെയർമാനായ കമ്മിറ്റി, സ്ഥലം പരിശോധിച്ചു. ഡി. എം. ഒ., Pollution Control Board-ലെ ഒരു ഉദ്യോഗസ്ഥൻ, ഐ. ആർ. ടി. സി. യുടെ ഒരു പ്രതിനിധി എന്നിവർ അതിൽ അംഗങ്ങളാണ്. ആ സ്ഥലം മാത്രമല്ല, നിരവധി സ്ഥലങ്ങൾ അവർ പരിശോധിച്ചു. എന്നിട്ട് ആ സമിതി ശുപാർശ ചെയ്തു; ചൂട്ടക്കടവ് അനുയോജ്യമായ സ്ഥലമാണ് എന്ന്. അവർ ഹൈക്കോടതിയിൽ റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2004 ഫെബ്രുവരിയിൽ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. പഞ്ചായത്ത് വിലയ്ക്കു വാങ്ങിച്ച സ്ഥലത്ത് പോലീസ് സംരക്ഷണത്തോടെ പ്ലാന്റ് പണിയാൻ നടപടി സ്വീകരിക്കണം എന്നായിരുന്നു കോടതി വിധി. അതിന്റെ അടിസ്ഥാനത്തിൽ 2004 ഏപ്രിൽ മാസം ടെൻഡർ ചെയ്തു. കുറഞ്ഞ നിരക്ക് കോട്ട് ചെയ്തവർക്ക് നിർമ്മാണ ജോലി കൊടുത്തു. ആ കരാറുകാരൻ നിർമ്മാണപ്രവൃത്തിയും ആരംഭിച്ചു. അത് തുടങ്ങി നാല് മാസം കഴിഞ്ഞപ്പോഴാണ് പണി നിർത്തിവയ്ക്കണമെന്ന Pollution Control Board-ന്റെ ഉത്തരവ് വരുന്നത്. അത് നിയമാനുസൃതമാണോ, കോടതി നടപടികൾക്കനുസൃതമാണോ എന്ന കാര്യത്തെ സംബന്ധിച്ച് ഹൈക്കോടതി മുമ്പാകെ Pollution Control Board അധികൃതർക്കെതിരായി കോടതിയലക്ഷ്യ കേസ് നടക്കുകയാണ്. നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിയുടെ നിർദ്ദേശാനുസരണമാണ് എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ട് പാലക്കുടി മുനിസിപ്പാലിറ്റി മാതൃകയിൽ ഇത്തരം ഒരു പ്ലാന്റ് സ്ഥാപിക്കാൻ അവിടെ നടപടികൾ ആരംഭിച്ചത്. ചൂട്ടക്കടവിൽ നിന്ന് പോകട്ടെ; മാനന്തവാടിയിലെ ചപ്പുചവറുകൾ—ഹോട്ടലുകൾ, പച്ചക്കറി മാർക്കറ്റ്, മൽസ്യമാർക്കറ്റ്; മറ്റ് കടകൾ, വീടുകൾ, എന്നിവിടങ്ങളിലെ ചപ്പുചവറുകൾ ഏതെങ്കിലും ഒരു സ്ഥലത്ത് നിക്ഷേപിക്കണ്ടേ? ശ്രീ. ഉമ്മൻചാണ്ടി, ഇത് യു. ഡി. എഫ്. ഭരണത്തിന് അലങ്കാരമാണോ? ഇതുമായി സംബന്ധിച്ച് സബ് ഡിവിഷണൽ കോടതിയിൽ പൊതുതാൽപ്പര്യാർത്ഥം ഒരു വ്യക്തി ഒരു ഹർജി കൊടുത്തു. ആ കേസിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് പറയുകയാണ്—"You have caused nuisance to the public by non-removal of the wastes from the vegetable shops, market places, hotels, other shops and houses in the town area which causing great threat to public health" ഈ ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ആ മാലിന്യം നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുന്നത്. പോലീസിന് ഇവർ കത്ത് കൊടുത്തു. മാനന്തവാടി സി. ഐ. അതിന് മറുപടി കൊടുത്തത് നിങ്ങളുടെ ചപ്പുചവറുകൾ നീക്കം ചെയ്യുന്ന സമയത്ത് വേണ്ടുന്ന സഹകരണം ചെയ്തു കൊടുക്കലല്ല ഞങ്ങളുടെ ജോലിയെന്ന് പറഞ്ഞുകൊണ്ടാണ്. പിന്നെ എന്താണ് സർ ജോലി? പിന്നെ എന്താണ് ഗവൺമെന്റിന്റെ ഉത്തരവാദിത്വം?

LIBRARY ARCHIVES Kerala Legislative Assembly

Pollution Control Board എന്താണ് ചെയ്യേണ്ടത്? കേരളത്തിൽ ആദ്യമായി ഒരു ഗ്രാമപഞ്ചായത്ത് സ്വന്തമായി പണം ഉപയോഗിച്ച് ഒരു മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിച്ചു. അതിന് പ്രോൽസാഹനം നൽകുന്നതിനു പകരം സങ്കുചിതമായ ഒരു രാഷ്ട്രീയ പ്രശ്നമായി മാലിന്യപ്രശ്നത്തെ മാറ്റുകയല്ലേ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചെയ്തത്? ഇതിൻെറയെല്ലാം പിന്നിൽ കറുത്ത കൈകളുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ കൈകളാണ്. അങ്ങ് ആ നിലപാട് മാറ്റണം. നമുക്ക് രണ്ടു കൂട്ടർക്കുമിരുന്ന്, ചർച്ച ചെയ്യാം. അവിടെയുള്ള വേസ്റ്റ് എവിടെയെങ്കിലും കൊണ്ടുപോയി നിക്ഷേപിക്കണം. ചൂട്ടക്കടവിൽ പറ്റില്ലെങ്കിൽ പോട്ടെ, ഹൗസിംഗ് ബോർഡിൻെറ സ്ഥലം അവിടെയുണ്ട്. അതിന് സർക്കാർ അനുമതി കൊടുത്താൽ മതി. അല്ലെങ്കിൽ മറേറതെങ്കിലും സ്ഥലത്ത് കൊണ്ടുപോയി ഇടണം. പഞ്ചായത്ത് ഇക്കാര്യങ്ങളെല്ലാം പറഞ്ഞു. കഴിഞ്ഞ ജൂൺ മാസം 8-ാം തീയതി ആ ഗ്രാമപഞ്ചായത്തിലെ മെമ്പർമാർ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഓഫീസിൻെറ മുന്നിൽ സത്യാഗ്രഹമിരുന്നു. മൂന്നാഴ്ച സത്യാഗ്രഹമിരുന്നിട്ട് ഒരു ചർച്ചപോലും നടത്താത്ത ധിക്കാരമാണ് കാണിച്ചത്. ഇതിനൊക്കെ എന്ത് പേരിട്ടു വിളിക്കണം. ഇതെല്ലാം യു. ഡി. എഫ്. ഭരണത്തിൻകീഴിൽ നടക്കുകയല്ലേ? ഒരു നിർവ്വാഹവുമില്ലാതെ അവിടെയുള്ള പഞ്ചായത്ത് മെമ്പർമാർ. കച്ചവടക്കാർ, എല്ലാ രാഷ്ട്രീയപ്പാർട്ടികളിലും പെട്ട ജനങ്ങളും എന്നിവരുടെയെല്ലാം അഭിപ്രായം പരിഗണിച്ചിട്ടാണ് ഇന്നലെ പഞ്ചായത്ത് ജീവനക്കാർ വണ്ടി കൊണ്ടുവന്ന് മാലിന്യമെടുത്ത് ആൾപ്പാർപ്പില്ലാത്ത സ്ഥലത്ത് കൊണ്ടുപോയി നിക്ഷേപിക്കാൻ പോയത്. ടൗണിൽ നിന്ന് ഇത് വണ്ടിയിൽ കയറ്റുമ്പോഴത്തന്നെ സി. ഐ. യുടെ നേതൃത്വത്തിൽ പോലീസുകാർ വരുകയാണ്. സി. ഐ. യോട് പഞ്ചായത്ത് പ്രസിഡൻറ് പറഞ്ഞു. പോലീസ് ഓഫീസർ ഒരു കാര്യം ചെയ്യണം, ഞങ്ങൾ ഇത് വണ്ടിയിൽ കയറ്റട്ടെ, നിങ്ങൾ എവിടെയെങ്കിലും കൊണ്ടുപോയി നിക്ഷേപിക്കൂ. അല്ലെങ്കിൽ ഇത് പോലീസ് സ്റേറഷൻ കോമ്പൗണ്ടിൽ കൊണ്ടുപോയി വയ്ക്കൂ, എന്നു പറഞ്ഞതിൻെറ പേരിലല്ലേ ആദിവാസി സ്ത്രീയായ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ശാരദാ സജീവിനെ മൃഗീയമായി തല്ലിയത്? ശ്രീമതി ശാരദാ സജീവിനെ സി. ഐ. ലാത്തികൊണ്ട് തല്ലി. നിലത്തുവീണ ആദിവാസി സ്ത്രീയായ ശ്രീമതി ശാരദാ സജീവിനെ ബൂട്ടിട്ട കാൽകൊണ്ട് നാഭിക്ക് ചവിട്ടി. ഇതാണോ ഒരു ഗവൺമെൻറ് ഭരണത്തിൽ നടക്കേണ്ടത്? പഞ്ചായത്ത് മെമ്പർമാരായിട്ടുള്ള ആറ് പേർ പരിക്കേറ്റ് ഇപ്പോഴും ആശുപത്രിയിലാണ്. പഞ്ചായത്ത് സ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി സഫിയ ലാത്തിച്ചാർജ്ജിൽ പരിക്കുപറ്റി ആശുപത്രിയിലാണ്. പഞ്ചായത്ത് മെമ്പറായിട്ടുള്ള ശ്രീമതി റോസയുടെ ഷോൾഡറിലെ എല്ലുപൊട്ടി ആശുപത്രിയിലാണ്. എൻ. സി. ഐ. ജില്ലാ വൈസ് പ്രസിഡൻറ് ശ്രീ. ആരിപ്പള്ളി തോമസിനു പരിക്കുപറ്റി. എൻ. സി. ഐ. ആണെന്നറിഞ്ഞപ്പോഴും അടികൂടി. നീ എൻ. സി. ഐ. ആണോ എന്ന് പറഞ്ഞ് ശ്രീ. രാമചന്ദ്രൻ മാസ്റേറരുടെ നിർദ്ദേശാനുസരണമാണ് പോലീസുകാർ തല്ലിയത്. നീ എൻെറയടുക്കൽനിന്നു പോയതല്ലേ, ഇരിക്കട്ടെ രണ്ടെണ്ണം കൂടുതൽ എന്നു പറഞ്ഞാണ് ശ്രീ. തോമസ്സിനു കൊടുത്തത്. ശ്രീ. തോമസ് അവിടത്തെ പഞ്ചായത്ത് മെമ്പറാണ്. സി. പി. ഐ. (എം.)-ൻെറ ഏരിയാ സെക്രട്ടറി ശ്രീ. ആൻറണിയെ തല്ലി, ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീ. രജീഷിനെ തല്ലി. ഇവരെല്ലാം കമ്മ്യൂണിസ്റുകാരോ കോൺഗ്രസ്സുകാരോ എന്നുള്ള വ്യത്യാസമില്ലാതെ മാലിന്യം മാറ്റുന്നതിനുവേണ്ടി അവിടെ കൂടിയവരായിരുന്നു. അതൊക്കെ മനസ്സിലാക്കാം. നിങ്ങൾ തല്ലിയ കൂട്ടത്തിൽ ഒരു കള്ളനുണ്ടായിരുന്നു. അയാൾ മാലിന്യം കക്കാൻ വന്നതാണോ? അത്

LIBRARY ARCHIVES Kerala Legislative Assembly

വാഴയിൽ ഉസ്മാനാണ്. അയാളെയും പോലീസ് തല്ലി. ഉസ്മാൻ അവിടെ സ്ഥിരമായി മോഷണം നടത്തുന്നയാളാണ്. അത് പോലീസിന് അറിയാം, അയാളുടെ പേരിൽ നിരവധി കേസ്സുകളുണ്ട്. അയാളെ പോലീസ് പിടിച്ചുകൊണ്ടുപോയി കേസ്സിൽ പ്രതിയാക്കി. അയാളെ മജിസ്ട്രേട്ട് മുമ്പാകെ എത്തിച്ചു. സ്ഥിരമായി കേസ്സിലെ പ്രതിയായതുകൊണ്ട് മജിസ്ട്രേട്ടിന് അറിയാവുന്ന ആളാണ് ഉസ്മാൻ. ഉസ്മാനെ കണ്ടപ്പോൾ മജിസ്ട്രേട്ട് ചോദിച്ചു: ഇയാൾ നിങ്ങളുടെ കൂട്ടത്തിൽ വന്നയാളാണോ എന്ന്. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ പറഞ്ഞത്, ഞങ്ങൾക്കറിയില്ല എന്നാണ്. നിങ്ങൾ ഇയാളെ ജാമ്യത്തിൽ ഇറക്കുന്നോ എന്നു ചോദിച്ചപ്പോൾ ഞങ്ങൾ ജാമ്യത്തിൽ ഇറക്കുന്നില്ലെന്ന് അവർ പറഞ്ഞു. അങ്ങനെ കളളനേയും പോലീസ് പിടിച്ചു. മറ്റൊന്ന്, റഹ്മാനിയ ഹോട്ടലിലെ ജീവനക്കാരനായ ഹാരീസ് ആണ്. ഹോട്ടലിൽ ഭക്ഷണം വിളമ്പുകയായിരുന്ന ഹാരീസിനേയും പിടിച്ചുകൊണ്ടുപോയി. അതുപോലെ മൽസ്യം വിൽപ്പനക്കാരനായ ജബ്ബാർ. ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ ഒരു കാര്യം ആലോചിക്കണം, നിങ്ങളുടെ പാർട്ടിക്ക് കഴിഞ്ഞ തവണ വോട്ട് ചെയ്ത ആളുകളാണ് ഹാരീസും ജബ്ബാറും. അവർ സി.പി.ഐ. (എം.) അല്ല. അവരേയും തല്ലി. ഇത്തരത്തിൽ അവിടെ നടന്ന പൈശാചികമായിട്ടുള്ള മർദ്ദനം യാതൊരു നീതീകരണവുമില്ലാത്തതാണ്. അതാണ് സി. ഐ. യുടെ നേതൃത്വത്തിൽ ഒരു കൂട്ടം പോലീസുകാർ ചെയ്തത്. സ്ത്രീകളായ പഞ്ചായത്ത് മെമ്പർമാരെ പുരുഷ പോലീസ് തല്ലിയ സംഭവവുമുണ്ട്. അതുകൊണ്ട് അങ്ങ് സത്യസന്ധമായി അന്വേഷിക്കണം. ഇതിൽ കുറ്റക്കാരായിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. സി. ഐ. യെ സ്ഥലം മാറ്റിക്കൊണ്ട് അന്വേഷണം നടത്തണം. ഒരു പ്രകോപനവും അവിടെയുണ്ടായിരുന്നില്ലായെന്നുള്ളത് ഒരു സത്യമാണ്. രാഷ്ട്രീയത്തിനതീതമായി മാലിന്യപ്രശ്നം പരിഹരിക്കാൻ വന്നതാണ്. അത് പോലീസ് മർദ്ദനത്തിനിടയാക്കിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അന്വേഷണം നടത്തേണ്ടതാണ്; സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ഇപ്പോൾ 33 പേർ കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുകയാണ്. അവരുടെ പേരിൽ പി. ഡി. പി. പി. ആക്ട് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്. എന്തു കുറ്റമാണ് അവർ ചെയ്തത്? എന്തു പൊതുമുതലാണ് അവർ നശിപ്പിച്ചത്? മാലിന്യം നീക്കം ചെയ്യാൻ പറഞ്ഞതാണോ? അതുകൊണ്ട് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. കുറ്റക്കാരായിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം. അവിടത്തെ മാലിന്യപ്രശ്നത്തിൽ പരിഹാരം കാണാൻ മുഖ്യമന്ത്രി ഇടപെടണം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് അത്യന്തം ഗൗരവമായ ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ വാസ്തവവിരുദ്ധമായി പ്രസ്താവന ചെയ്തു എന്ന് ബഹുമാനപ്പെട്ട എം. വി. ജയരാജൻ പറയുകയുണ്ടായി. ഞാൻ അവിടെ നടന്ന കാര്യങ്ങൾ ശരിയായ വിധത്തിൽ ഇവിടെ പറഞ്ഞു. 50 പേർക്ക് പരിക്കുപറ്റി എന്ന് ശ്രീ. എം. വി. ജയരാജൻ പറഞ്ഞു. 17 പേർക്ക് പരിക്ക്പറ്റി എന്ന് ഞാൻപറഞ്ഞു. അതിനെ ഉദ്ദേശിച്ചാണ് ഞാൻ വാസ്തവവിരുദ്ധമായി പറഞ്ഞു എന്നു പറയുന്നത്. മാനന്തവാടി ഗവൺമെൻറ് ആശുപത്രിയിൽ 17 പേർ പരിക്കുപറ്റി ചികിൽസയിൽ കഴിയുന്നു. അതാണ് ഞാൻ പറഞ്ഞത്. 17 പേരാണു അവിടെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിൽസയിൽ കഴിയുന്നത്. ആശുപത്രിയിൽ പോകാത്ത മറ്റാർക്കെങ്കിലും പരിക്കുപറ്റിയോ

LIBRARY ARCHIVES Kerala Legislative Assembly

എന്നറിയില്ല. ചിലപ്പോൾ ഉണ്ടായിരിക്കാം. അതിൽ എത്ര പേർക്ക് പരിക്കുപറ്റി എന്ന് പറയാനുള്ള സ്വാതന്ത്ര്യം ഓരോരുത്തർക്കുമുണ്ട്. പോലീസ് പറയുമ്പോൾ, ഗവൺമെന്റ് പറയുമ്പോൾ, ഔദ്യോഗികമായി പറയുമ്പോൾ അവിടെ ചികിൽസയിൽ കഴിയുന്നവരുടെ പേര് മാത്രമേ പറയാൻ പറ്റുകയുള്ളൂ. മാനന്തവാടി ആശുപത്രിയിൽ പരിക്കുപറ്റി ചികിൽസയിൽ കഴിയുന്നവരുടെ പേരാണ് ഞാൻ പറഞ്ഞത്. ഞാൻ യഥാർത്ഥത്തിലുള്ള വിവരമാണ് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട എം. വി. ജയരാജൻ പറഞ്ഞു, സി. ഐ. ഒരു കത്ത് കൊടുത്തു എന്ന്. പഞ്ചായത്തിന് മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംരക്ഷണം തരുകയല്ല ഞങ്ങളുടെ ജോലി എന്ന് പോലീസ് പറഞ്ഞു എന്നാണ് പറയുന്നത്. അങ്ങനെയൊരു കത്തുണ്ടോ? ഉണ്ടെങ്കിൽ ഞാൻ ഇന്ന് നടപടി എടുത്തിരിക്കും. എനിക്ക് അതറിയാൻ താൽപ്പര്യമുണ്ട്. അങ്ങനെ ഒരു കത്ത് അങ്ങയുടെ കയ്യിലുണ്ടോ? സഭയെ തെറ്റിദ്ധരിപ്പിക്കരുത്. കാരണം ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരിക്കലും അങ്ങനെ ഒരു കത്ത് കൊടുക്കാൻ പാടില്ല: ജനങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ഒരു സ്ഥാപനമാണ് പഞ്ചായത്ത്. അവിടെ നിന്ന് ഒരാവശ്യം ഉന്നയിക്കുമ്പോൾ അതിനോട് നിഷേധാത്മകമായ സമീപനം ഒരിക്കലും സ്വീകരിക്കാൻ പാടില്ല. ശ്രീ. ജയരാജന്റെ കയ്യിൽ കത്തുണ്ടെങ്കിൽ, ഹാജരാക്കണം. ഇല്ല.....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ: സി. ഐ. 27-4-2005, ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ കത്ത്. സൂചിക ബി/114/04, 23-7-2005 മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചിക പ്രകാരം പഞ്ചായത്ത് സെക്രട്ടറി അയച്ച കത്തിൽ 25-7-2005-ന് 10 മണി മുതൽ മാനന്തവാടി ടൗണിലും പരിസരങ്ങളിലും മാലിന്യം കെട്ടിക്കിടക്കുന്നത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. ഇക്കാര്യം സംബന്ധിച്ച് തർക്കം നിലനിൽക്കുകയാണ്. നീക്കം ചെയ്യാനുദ്ദേശിക്കുന്ന മാലിന്യം ചൂട്ടക്കടവിലുള്ള പഞ്ചായത്തിൽ നിക്ഷേപിക്കുമ്പോൾ വലിയ ക്രമസമാധാനപ്രശ്നമുണ്ടാക്കാൻ സാധ്യതയുള്ളതായി കാണുന്നു ഈ ഡ്യൂട്ടിക്കായി പോലീസ് ഫോഴ്സിനെ നിയോഗിക്കാൻ ബുദ്ധിമുട്ടുള്ളതായി ഇതിനാൽ അറിയിക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം? സി. ഐ. അയച്ച കത്തിന്റെ അർത്ഥമെന്താണ്? പഞ്ചായത്ത് എന്നു പറയുന്നത് ഒരു രേണ സ്ഥാപനമാണ്.....(ബഹളം).....

ശ്രീ. ഉമ്മൻചാണ്ടി: സർ, നിങ്ങൾ ആ കത്ത് മേശപ്പുറത്ത് വയ്ക്കണം. കത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഞാൻ വായിക്കാം....(ബഹളം).. ആദ്യം വായിച്ചത് മുഴുവൻ ശരിയാണ്. അങ്ങിത് പറഞ്ഞപ്പോൾ ഞാൻ അവിടെ നിന്ന് ആ കത്തിലെ വാചകം ഫോണിൽക്കൂടി വിളിച്ചുചോദിച്ച് വാങ്ങിച്ചതാണ്. എന്റെ കയ്യിലുണ്ട്. രണ്ടാമത്തെ ഭാഗം, ഈ ഡ്യൂട്ടിക്കായി വലിയൊരു ഫോഴ്സിനെ നാളെ (25-7-2005-ന്) നിയോഗിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ മേൽ തീരുമാനം മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കാൻ അഭ്യർത്ഥിക്കുന്നു എന്നാണ്. അങ്ങ് വായിച്ചത് അങ്ങനെയല്ല. അവസാനത്തെ വാചകം.....(ബഹളം).....ശ്രീ. കോടിയേരി ബാലകൃഷ്ണൻ വായിച്ചു നോക്കൂ....സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. അവസാനത്തെ ഭാഗം ശ്രീ. കോടിയേരി ബാലകൃഷ്ണൻ വായിക്കൂ....ഇത് ശരിയല്ല. ഒരു പ്രശ്നം നമുക്ക് അവതരിപ്പിക്കാം. ഒരു കാര്യം അവതരിപ്പിക്കാം. പക്ഷേ സത്യം മറച്ചു വച്ചുകൊണ്ടാവരുത്. അങ്ങ് ഒരു കത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വാസ്തവവിരുദ്ധമായി വായിക്കുകയാണ്. ഒരു പോലീസുദ്യോഗസ്ഥനും ഒരിക്കലും പറയാൻ പാടാത്ത വാചകമാണ്. അങ്ങ് പറഞ്ഞത്. നിശ്ചയമായിട്ടും അങ്ങനെയൊരു കത്ത് തന്നിട്ടുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. അങ്ങ് വരുത്തിയതുപോലെ ഫാക്സ് വരുത്താൻ എനിക്ക് സമയം കിട്ടിയില്ല. അതുകൊണ്ട് വാചകം എഴുതി വാങ്ങിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇതിൽ പ്രശ്നമെന്താണെന്നു വച്ചാൽ, മാനന്തവാടിയിൽ മാത്രമല്ല, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും മാലിന്യം നീക്കം ചെയ്യുന്നത് ഒരു മുഖ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. അത് സംബന്ധിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത് എന്നാണ് അറിയേണ്ടത്.

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ അതിലേക്ക് വരികയാണ്. അതിനെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് പറയാം. പക്ഷേ കത്തിൽ ഈ ഡ്യൂട്ടിക്കായി വലിയൊരു ഫോഴ്സിനെ നാളെ 25-7-2005-ന് നിയോഗിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ മേൽ തീരുമാനം മറ്റൊരു ദിവസത്തേക്ക് മാറ്റി വയ്ക്കാൻ അഭ്യർത്ഥിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ആ പോലീസ് ഉദ്യോഗസ്ഥൻ കൊടുത്ത കത്തിലെ വാചകങ്ങളും ഇതാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. പഞ്ചായത്തുകാർ എടുത്ത സ്ഥലത്തേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കാൻ തീരുമാനിച്ചു. അതിനെ തടയാൻ അവിടേയുള്ള നാട്ടുകാർ തീരുമാനിച്ചു. സ്ത്രീകളും കുട്ടികളുമടക്കം ഇതിന്റെ മൂന്നിരട്ടി ആളുകൾ അവിടെ സംഘടിച്ചിരുന്നു. ഇക്കാര്യം ഇന്നലെ 12 മണിക്ക് അടിയന്തിരമായി ചർച്ച ചെയ്യാൻവേണ്ടി ജില്ലാകളക്ടർ നോട്ടീസ് കൊടുത്തു. അവിടെ കുറെയധികം ദിവസങ്ങളായി മാലിന്യങ്ങൾ കൂടിക്കിടക്കുന്നുവന്ന് അങ്ങ് പറഞ്ഞല്ലോ. ഈ പ്രശ്നം ഒഴിവാക്കാൻ രണ്ട് മണിക്കൂർ കൂടി വെയിറ്റ് ചെയ്യാൻ പാടില്ലായിരുന്നോ? പോലീസ് ഇന്നത്തേക്ക് മാറ്റിവയ്ക്കണമെന്ന് പറഞ്ഞ് ഒരു കത്ത് കൊടുത്തു. ജില്ലാ കളക്ടർ 12 മണിക്ക് കോൺഫറൻസ് വിളിച്ചു. ആ വിവരം അറിയിച്ചു. പക്ഷേ അതിനെയൊക്കെ അവഗണിച്ചു കൊണ്ടാണ് ഇന്നലെ അവിടെ ആ സംഭവമുണ്ടായത്. അവിടെയുണ്ടായ സംഭവത്തിൽ ഗവൺമെന്റിനും പ്രയാസമുണ്ട്. പക്ഷേ ഗവൺമെന്റിനോട് സഹകരിക്കണ്ടേ? വേണ്ടത്ര പോലീസ് ഫോഴ്സില്ല. അതുകൊണ്ട് മാറ്റി വയ്ക്കണമെന്ന് പോലീസ് പറയുന്നു, ഇനി മാറ്റിവയ്ക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടനെ ജില്ലാ കളക്ടർ കോൺഫറൻസ് വിളിക്കുന്നു. ഇതിനെയൊക്കെ അവഗണിച്ചുകൊണ്ടാണ് ഇന്നലെ ഈ പ്രശ്നമുണ്ടായത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നാല് മാസമായി അവിടെ മാലിന്യം കെട്ടിക്കിടക്കുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ അതിലേക്ക് വരാം. രണ്ട് മണിക്കൂർപോലും വെയിറ്റ് ചെയ്യാതെയാണ് ഇന്നലെ ആ പ്രശ്നം അവിടെയുണ്ടായത്. മാലിന്യങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച് വളരെ സമഗ്രമായ ഒരു പരിപാടിയുണ്ടായേ മതിയാകൂ. മാലിന്യം സംസ്കരിക്കാൻ സ്ഥലമെടുത്തുവെങ്കിലും അവിടെ ജനങ്ങളുടെ എതിർപ്പ് വരികയാണ്. മാലിന്യം സംസ്കരിക്കാതിരിക്കാൻ പറ്റുമോ? അതിന് വ്യക്തമായിട്ടുള്ള ഒരു സമീപനം വേണം. അതിൽ ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: സർ, തുടർച്ചയായി ഇതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ പുരുഷൻമാരായ പോലീസുകാർ സ്ത്രീകളെ കൈകാര്യം ചെയ്യുന്നു എന്നുള്ള ഒരവസ്ഥ വരികയാണ്. ഇപ്പോൾ പഞ്ചായത്ത് പ്രസിഡൻറ് ഒരു ആദിവാസി സ്ത്രീയാണ്. അവർ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സമരരംഗത്തുണ്ട്. അവിടെ ഇതുപോലെ പ്രക്ഷുബ്ധമായ സന്ദർഭങ്ങളുണ്ടാകുമ്പോൾ വനിതാ പോലീസുകാരെ നിയോഗിക്കണം പക്ഷേ അതല്ല നടക്കുന്നത്. അവരുമായി ഞാൻ ബന്ധപ്പെട്ടപ്പോൾ പുരുഷൻമാരായ പോലീസുകാർ തന്നെ ഇവരെ കയ്യേറം ചെയ്യാനും മർദ്ദിക്കാനും ശ്രമിക്കുകയാണ് എന്നാണ് പറഞ്ഞത്. അത് അങ്ങേയറം നിയമവിരുദ്ധമല്ലേ? അങ്ങ് അതിനെക്കുറിച്ച് എന്താണ് ഒന്നും പറയാത്തത്?

ശ്രീ. ഉമ്മൻചാണ്ടി: അവരെ അറസ്റ് ചെയ്യുമ്പോൾ വനിതാ പോലീസുണ്ടാകും. എന്തിനാണ് അറസ്റ് ചെയ്തതെന്ന് ചോദിച്ചില്ലേ? ഒരു കെ. എസ്. ആർ. ടി. സി. ബസും ഒരു പോലീസ് വണ്ടിയും അവിടുത്തെ ജനക്കൂട്ടം തകർത്തു. പഞ്ചായത്ത് പ്രസിഡൻറിൻറെ നേതൃത്വത്തിൽ വന്ന ജനക്കൂട്ടം പൊതുമുതൽ നശിപ്പിക്കുകയും അക്രമം കാണിക്കുകയും ചെയ്യുമ്പോൾ പോലീസ് കൈയും കെട്ടി നോക്കിനിൽക്കുമോ? ....(ബഹളം)....അതിൽ യാതൊരു സംശയവും വേണ്ട....(ബഹളം).... അവിടുത്തെ ജനക്കൂട്ടം ഒരു കെ. എസ്. ആർ. ടി. സി. ബസും ഒരു പോലീസ് വാനും തകർത്തു. അക്രമം കാണിക്കുമ്പോൾ, പൊതുമുതൽ നശിപ്പിക്കുമ്പോൾ പോലീസ് കൈയും കെട്ടി നോക്കിനിൽക്കണമെന്നു പറഞ്ഞാൽ അതിനോട് യോജിക്കാൻ നിവർത്തിയില്ല. നടപടിയെടുക്കും, കേസ് സെടുക്കും. ഇന്നലെ 31 പേരെ പൊതുമുതൽ നശിപ്പിച്ചതിന് അറസ്റ് ചെയ്ത് റിമാൻഡുചെയ്തു. അവരുടെ കൈയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള സിവിൽപരമായ നടപടികളും സ്വീകരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് സാധാരണയുള്ള ഒരു സംഭവമല്ല. അവിടുത്തെ ബഹുജനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു പ്രശ്നമാണ്. റവന്യൂ ഡിവിഷണൽ മജിസ്ട്രേറ് കോടതിയുടെ ഒരു ഉത്തരവ് നടപ്പാക്കാനുള്ള ബാദ്ധ്യത പഞ്ചായത്തിനില്ലേ? ഇപ്പോൾ കോടതി നൽകുന്ന ഉത്തരവ് നടപ്പാക്കാനുള്ള ബാധ്യത പഞ്ചായത്തിനില്ലേ? അതുപോലെത്തന്നെ പഞ്ചായത്ത്രാജ് നഗരപാലികാ ബിൽ അനുസരിച്ച് കൃത്യമായി കർത്തവ്യം നിർവ്വഹിക്കുന്ന ഒരു പഞ്ചായത്ത് പ്രസിഡൻറിനെ ഒരു കേസിൽ പ്രതി ചേർത്താൽ, അതും ഒരു ആദിവാസി സ്ത്രീയെ ഇങ്ങനെ ഒരു കേസിൽ പ്രതിയാക്കി റിമാൻഡു ചെയ്താൽ അത് പഞ്ചായത്ത് പ്രസിഡൻറുമാരെ പഞ്ചായത്ത്രാജ് ആക്ടനുസരിച്ച് പ്രവർത്തിക്കാൻ അനുവദിക്കുകയില്ല എന്നുള്ള നിലപാടാണ്. അത്തരം ഒരു നിലപാട് ഗവൺമെൻറ് സ്വീകരിച്ചത് ശരിയാണോ?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങനെയൊരു സമീപനമൊന്നും ഗവൺമെൻറിനില്ല. ഈ മാലിന്യങ്ങൾ സംസ്കരിക്കണം. അതിന് ഗവൺമെൻറ് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കും. ഇതിനകത്ത് ഗവൺമെൻറും പഞ്ചായത്തും തമ്മിലല്ല പ്രശ്നം, അവിടുത്തെ രണ്ട് വിഭാഗം ജനങ്ങൾ തമ്മിലുള്ള പ്രശ്നമാണ്. അതിന് പരിഹാരമുണ്ടാക്കണം, അതിനുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുന്നത്. മാലിന്യം സംസ്ക്കരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെൻറ് എല്ലാവിധ സൗകര്യങ്ങളും ചെയ്തു കൊടുക്കും. അതിന് യാതൊരു സംശയവും വേണ്ട. പക്ഷേ രണ്ട് വിഭാഗം ജനങ്ങൾ തമ്മിൽ തെരുവിലേക്ക് ഇറങ്ങിച്ചെന്ന് ഏറ്റുമുട്ടുന്ന ഒരു സാഹചര്യം ഒഴിവാക്കണം. അത് ഒഴിവാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ മാത്രമേയുള്ളൂ. മാലിന്യ സംസ്ക്കരണത്തിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുന്ന ഒരു സമീപനമാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്, കൊച്ചിൻ കോർപ്പറേഷന്റെ മേൽനടപടിയിൽ ഗവൺമെൻറെടുത്ത സമീപനം, ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തിയതാണ്. കൊച്ചിൻ കോർപ്പറേഷനുവേണ്ടിയുള്ള സ്ഥലം ഏറെടുത്തു കൊടുക്കാനായി ഗവൺമെൻറ് മുന്നോട്ടുവന്നത്. അതിന് സമയമെടുക്കും. പക്ഷേ രണ്ട് വിഭാഗമായി ജനങ്ങൾ നിൽക്കുമ്പോൾ അതിനൊരു പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് ഗവൺമെൻറ് ശ്രമിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മാനന്തവാടിയിലെ ഇപ്പോഴത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതെങ്കിലും മന്ത്രിയെയോ മറ്റോ നിയോഗിച്ച് ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: നിശ്ചയമായും മാനന്തവാടിയിലെ പ്രശ്നത്തിന് പരിഹാരമുണ്ടാകണം. യാതൊരു സംശയവുമില്ല. ഇതിനുമുമ്പുതന്നെ ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് അനുസരിച്ച് ഞാൻ ഇടപെട്ടതാണ്. പഞ്ചായത്തുകാർ തിരുവനന്തപുരത്തുവന്ന് സത്യാഗ്രഹമൊക്കെ നടത്തി. അന്നുമുതൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ വേണ്ടി ഞാനും കുറെ ഇടപെട്ടതാണ്. ഇനിയും ഇടപെടും, ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ ശ്രമിക്കും. ഏതായാലും ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, മാനന്തവാടി പഞ്ചായത്തിൽ മാലിന്യ സംസ്ക്കരണ പ്ലാൻറ് പഞ്ചായത്ത് നിർമ്മിക്കുന്നത് രാഷ്ട്രീയപ്രേരിതമായി തടഞ്ഞു എന്നാണ് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. എം. വി. ജയരാജന്റെ ആരോപണം. കുറച്ചുകാലമായി അവിടെ ഒരു തർക്കം നിലനിൽക്കുകയാണ്. ആ തർക്കത്തിൽ ഒരു വിഭാഗം പറയുന്നത് മാലിന്യ സംസ്ക്കരണ പ്ലാൻറ് ചൂട്ടക്കടവിൽ പാടില്ലെന്നാണ്. പഞ്ചായത്ത് പറയുന്നത് ചൂട്ടക്കടവിൽ തന്നെ അത് സ്ഥാപിക്കണമെന്നാണ്.....(ബഹളം)..... അതാണ് പ്രശ്നം.....(ബഹളം)..... അപ്പോൾ ഈ ഗവൺമെൻറ് എന്ത് ചെയ്യണം? അക്കാര്യത്തിൽ വലിയ തർക്കം നിലനിൽക്കുകയാണ്. ദേശാഭിമാനി ഒഴികെയുള്ള എല്ലാ പത്രങ്ങളും ചൂട്ടക്കടവിൽ മാലിന്യ സംസ്ക്കരണ പ്ലാൻറ് സ്ഥാപിക്കുന്നതിനെതിരായി നിരവധി ലേഖനങ്ങൾ എഴുതുകയാണ്. ഒന്ന്, ആരോഗ്യപരമായിട്ടുള്ള പ്രശ്നങ്ങളാണ്. മാലിന്യ സംസ്ക്കരണ പ്ലാൻറ് സ്ഥാപിക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്ന സ്ഥലം കബനി നദിയുടെ തീരമാണ്. ആ പുഴയിൽ നിന്നും 15 മീറ്ററിനുള്ളിലാണ് ഈ മാലിന്യ സംസ്ക്കരണ പ്ലാൻറ് നിർമ്മിക്കണമെന്ന് പഞ്ചായത്ത് തീരുമാനിച്ചത്. അതോടൊപ്പം 25 മീറ്ററിനപ്പുറത്താണ് കേരള വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റിയുടെ Water Treatment Plant ഉള്ളത്. ആ പുഴയോരങ്ങളിൽ ധാരാളം ആളുകളും താമസിക്കുകയാണ്. ആ മാലിന്യ സംസ്ക്കരണ പ്ലാന്റ് അവിടെ വന്നുകഴിഞ്ഞാൽ ജലമലിനീകരണമുണ്ടാകും. അതിന്റെ ഫലമായി വാട്ടർ അതോറിറ്റിയുടെ Water Treatment Plant-ൽ മലിനീകരണമുണ്ടാകും. അതുപോലെതന്നെ പുഴയോരങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ കിണറുകളിൽ മലിനീകരണമുണ്ടാകും. അതുകൊണ്ട് അതവിടെ സ്ഥാപിക്കുന്നത് ശരിയല്ലെന്ന് ആ പ്രദേശത്തെ ആളുകളും അതുപോലെത്തന്നെ ഏകകണ്ഠമായി എല്ലാ പത്രങ്ങളും എഴുതിയിരിക്കുന്നു. ചൂട്ടക്കടവിൽ മാലിന്യ സംസ്ക്കരണ പ്ലാൻ സ്ഥാപിക്കുന്നത് ശരിയല്ല, ജനങ്ങളുടെ ആരോഗ്യത്തെ അത് ബാധിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്.....(ബഹളം).... അവിടെ എപ്പോഴും മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുമോ, എപ്പോഴും അവിടെ മാലിന്യം സംസ്ക്കരിക്കാൻ പഞ്ചായത്ത് ശ്രമിക്കുന്നുവോ അപ്പോഴൊക്കെ അവിടെ വലിയൊരാൾക്കൂട്ടം ഇത് തടയുന്നതിനുവേണ്ടി കാത്തുനിൽക്കുകയാണ്. ഇന്നലേയും അതുതന്നെയാണ് സംഭവിച്ചത്. അവിടെയുള്ള ആക്ഷൻ കൗൺസിലിൽ മാർക്സിസ്റ്റു

10.00 A.M.] കാരനായ പഞ്ചായത്ത് മെമ്പർ ശ്രീ. കെ. പി. വിജയൻ ഉണ്ട്. ഈ അടുത്ത കാലത്ത് അയാളെ പുറത്താക്കി എന്നാണ് പറയുന്നത്. അവിടത്തെ ആക്ഷൻ കൗൺസിലിന്റെ കൺവീനർ മാർക്സിസ്റ്റുകാരനാണ്, ശ്രീ. തുളസീധരൻ. അവരൊക്കെ ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് ചവർ നിക്ഷേപിക്കാൻ പാടില്ലെന്ന് പറയുന്നത്. എല്ലാ ജനങ്ങളും അതിനെതിരാണ്. പഞ്ചായത്ത് പറയുന്നു അവിടെ നിക്ഷേപിക്കണമെന്ന്. സ്വാഭാവികമായും സംഘർഷം ഉണ്ടാകുമ്പോൾ പോലീസ് എന്ത് ചെയ്യണം? ഇന്നലെ ആ മാലിന്യവുമായി അവിടെ പോയിരുന്നുവെങ്കിൽ ഈ രണ്ട് ജനവിഭാഗങ്ങളും തമ്മിൽത്തല്ലി അവിടെ സംഘർഷത്തിന്റെ അന്തരീക്ഷം ഉണ്ടാകുമായിരുന്നു എന്നുമാത്രമല്ല നിരവധി ആളുകൾക്ക് ഇതിനേക്കാൾ കൂടുതൽ അപകടങ്ങൾ സംഭവിക്കാൻ ഇടയാകുമായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ വയനാട് ജില്ലക്കാരനാണല്ലോ. നിങ്ങൾക്ക് ഇറങ്ങിനടക്കേണ്ട ഒരു സ്ഥലമല്ലേ മാനന്തവാടി? ഈ മാലിന്യം എവിടെ കൊണ്ടുപോയി തള്ളും? ഈ സ്ഥലം മോശമാണെങ്കിൽ വേറൊരു സ്ഥലം കണ്ടുപിടിച്ച് ഈ പ്രശ്നം പരിഹരിക്കാനുള്ള ബാധ്യത മന്ത്രി എന്നുള്ള നിലയിൽ അങ്ങേയ്ക്കില്ലേ? ഇത്രയും മോശമായിട്ട്, ഈ പ്രശ്നം പരിഹരിക്കാതെ നീട്ടിക്കൊണ്ടുപോകുന്നത് രാഷ്ട്രീയ ഉദ്ദേശത്തോടുകൂടിയാണോ? നിങ്ങളുടെ വിശദീകരണംകൂടി കേൾക്കുമ്പോൾ ഇതൊരു രാഷ്ട്രീയ പ്രശ്നമാക്കി മാറ്റാൻ ശ്രമിക്കുകയാണെന്നാണ് തോന്നുന്നത്. ഇതൊരു രാഷ്ട്രീയ പ്രശ്നമാക്കി മാറ്റാതെ, മാലിന്യം സംസ്ക്കരിക്കുന്ന ഒരു സ്ഥലമായി കാണണ്ടേ? ശ്രീമതി രാധാരാഘവന്റെ ചാർജ്ജ് ഇപ്പോൾ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്കാണ് കിട്ടിയിട്ടുള്ളത്. അതുകൊണ്ട് ആ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിനു പകരം, ഇങ്ങനെയുള്ള വാദങ്ങൾ ഉന്നയിച്ച് ഇതിനെ ന്യായീകരിക്കുന്നത് ശരിയാണോ? നമുക്ക് ഇവിടത്തെ ഈ പ്രശ്നം പരിഹരിക്കണ്ടേ? അതിൽ ഇടപെടാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വാസ്തവത്തിൽ ഇന്നലെ അവിടെ പോലീസ് തടഞ്ഞില്ലായിരുന്നുവെങ്കിൽ, ...(ബഹളം).... ഈ രണ്ട് മണിക്കൂറിനുള്ളിൽ നടന്നില്ലെങ്കിൽ, ആ പഞ്ചായത്ത് കോൺഫറൻസിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാതെ ....(ബഹളം).....ആറ് മാസം കാക്കാമെങ്കിൽ രണ്ട് മണിക്കൂർ കാക്കാമായിരുന്നില്ലേ? നിങ്ങൾ ബോധപൂർവ്വം കുഴപ്പമുണ്ടാക്കുകയാണ്. നിയമസഭ നടക്കുന്നതുകൊണ്ട്, കേരളത്തിലെ ക്രമസമാധാനരംഗം വഷളാണെന്നു തെളിയിക്കുന്നതിനുവേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ഒരു ഗൂഢാലോചനയാണിത്. തീരെ അപകടമായ ഒരു നേതൃത്വമാണ് അവിടെയുള്ളത്. ആ അപകടമായ നേതൃത്വത്തിന്റെ തുണയായി അങ്ങയുടെ പാർട്ടി ചാർജ്ജ് കൊടുത്തത് ശ്രീ. എം. വി. ജയരാജനാണ്. അപ്പോൾ പിന്നെ ചോദിക്കാനില്ലല്ലോ? രണ്ട് മണിക്കൂർ കാക്കാൻ പറ്റാത്ത ഒരു നേതൃത്വം....(ബഹളം)....ഈ പ്രശ്നം പരിഹരിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. പക്ഷേ അതിന് പഞ്ചായത്ത് സമ്മതിക്കണ്ടേ? വേറെ സ്ഥലം കണ്ടുപിടിക്കാൻ ഞാൻ പഞ്ചായത്ത് പ്രസിഡന്റിനോട് പറഞ്ഞതാണ്. കിട്ടൻ എന്നുപറയുന്ന ഒരാൾ ഇതിനാവശ്യമായ സ്ഥലം സറണ്ടർ ചെയ്യാൻ തയ്യാറായപ്പോൾ പഞ്ചായത്തുകാർ അയാളെ ഭീഷണിപ്പെടുത്തി. പഞ്ചായത്ത് പണം കൊടുക്കണ്ട, പൊല്യൂഷൻ കൺട്രോൾ ബോർഡ് പണം തരാൻ തയ്യാറാണെന്നു പറഞ്ഞു. സ്ഥലം കൊടുത്താൽ മതിയെന്നു പറഞ്ഞു. മാലിന്യ സംസ്ക്കരണ പ്ലാന്റ് മാനന്തവാടിയിൽ വരണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. അതിനെന്ത് സഹായം വേണമെങ്കിലും നൽകാൻ ഗവൺമെന്റ് തയ്യാറാണ്. വെറുതെ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രകടനങ്ങൾ നടത്തരുത്. അപകടമായിട്ടുള്ള തീരുമാനങ്ങൾ എടുക്കുന്നതു വളരെ മോശമാണ്.

മി. സ്പീക്കർ: Minister, Please take your seat. ഇവിടെ ഓരോ കാര്യത്തെക്കുറിച്ചും അടിയന്തിര പ്രമേയം അസംബ്ലിയിൽ കൊണ്ടുവരും. ചർച്ചകൾ മൂടിവയ്ക്കണ്ട എന്നു കരുതിയാണ് മുഖ്യമന്ത്രി സമ്മതിച്ചതനുസരിച്ച് ചർച്ച ചെയ്യാൻ സമയം കൊടുത്തത്. പക്ഷേ അത് അതിന്റെ പരിധി വിട്ടുപോകരുത്. ചർച്ചയിൽ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ പേര് പരാമർശിച്ചപ്പോൾ, ക്ലാരിഫിക്കേഷൻ എന്ന നിലയ്ക്കാണ് അദ്ദേഹത്തിന് അവസരം കൊടുത്തത്. അതിനൊക്കെ അവരവരുടെ പരിധിയിൽനിന്നും സംസാരിക്കണം. ഇടപെടലുകൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും നിർത്തി, അടിയന്തിര പ്രമേയത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് കാര്യങ്ങൾ നടത്തേണ്ടത്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇവിടെ അടിയന്തിര പ്രമേയത്തിന്റെ ചർച്ചാവേളയിൽ ഒരു രേഖ ശ്രീ. എം. വി. ജയരാജൻ ഉയർത്തിക്കാണിച്ചുകൊണ്ട് അതു സംബന്ധിച്ച് ചില ആരോപണങ്ങൾ ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ രേഖയെക്കുറിച്ച്, അതിന്റെ സാങ്കേതികതയെക്കുറിച്ച് ടേബിൾ ചെയ്യണമെന്ന് പറഞ്ഞു. സാധാരണഗതിയിൽ, നടപടിക്രമമനുസരിച്ച് ഇങ്ങനെ ഒരു രേഖ സഭയിൽ കൊണ്ടുവന്നു വായിച്ചാൽ ആ രേഖ ടേബിൾ ചെയ്യുകയാണ് ചെയ്യേണ്ടത്. അതു ടേബിൾ ചെയ്യണമെന്ന് അങ്ങ് നിർദ്ദേശിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട പാർലമെന്ററി അഫയേഴ്സ് മന്ത്രി പറഞ്ഞതു ശരിയല്ല. റൂൾ 295 പറയുന്നത്, "സഭയിൽ ഹാജരാക്കിയിട്ടില്ലാത്ത ഔദ്യോഗിക പത്രമോ മറ്റ് സംസ്ഥാനിക രേഖയോ സംബന്ധിച്ച് ഒരു മന്ത്രി സഭയിൽ എടുത്തു പറയുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ, അദ്ദേഹം സംഗതമായ ആ കടലാസ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്'' എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില കാര്യങ്ങൾ പറഞ്ഞു. അതുകൊണ്ട് മുഖ്യമന്ത്രിയാണ് അത് മേശപ്പുറത്ത് വയ്ക്കേണ്ടത്. ശ്രീ. എം. വി. ജയരാജൻ മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യം രൂപ പ്രകാരമില്ല.

മി. സ്പീക്കർ: ഒരു രേഖ ഉദ്ധരിച്ച് ഒരാൾ സംസാരിക്കുകയും രേഖയുടെ കണ്ടൻസിനെക്കുറിച്ച് കുറച്ചുകൂടി വ്യത്യസ്തമായ നിലയിൽ മുഖ്യമന്ത്രി പറയുകയും ചെയ്ത സാഹചര്യത്തിൽ, ആരുടെ ഭാഗമാണോ തെളിയിക്കേണ്ടത് അവർ ആ രേഖ ഹാജരാക്കണം. അല്ലെങ്കിൽ അതിന്റെ presumption എന്താണെന്ന് എല്ലാവർക്കും അറിയാം. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ അടയ്ക്ക കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കേരളത്തിലെ കാർഷിക വരുമാനത്തിൽ ഗണ്യമായ സംഭാവനയാണ് കമുക് കൃഷിക്കാരുടേത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ജില്ലകളിലാണ് കമുക് കൃഷി വ്യാപകമായിട്ടുള്ളത്. അതിൽതന്നെ കാസർഗോഡ്, കോഴിക്കോട് ജില്ലകളുടെ കാർഷികവരുമാനത്തിൽ യഥാക്രമം 40 ശതമാനവും 25 ശതമാനവും വരുമാനം കമുക് കൃഷിയിൽ നിന്നുമാണ് ഏതാനും വർഷങ്ങൾക്കുമുമ്പുവരെ ലഭിച്ചുകൊണ്ടിരുന്നത്. കിലോഗ്രാമിന് 150 രൂപ വരെ ലഭിക്കുമായിരുന്ന അടയ്ക്കക്ക് ഇപ്പോൾ 45 രൂപ മാത്രമാണ് ലഭിക്കുന്നത്. കാർഷിക വില നിർണ്ണയ കമ്മീഷൻ കണക്കാക്കിയ ഉല്പാദനച്ചെലവ് കിലോഗ്രാമിന് 72 രൂപയാണ്. ഉല്പാദനച്ചെലവിനേക്കാൾ 27 രൂപ കുറച്ചാണ് കമ്പോളവില ലഭിക്കുന്നത്. എന്നാൽ ഇതുമാത്രമല്ല കമുക് കൃഷിക്കാരുടെ പ്രശ്നങ്ങൾ. രോഗകീടബാധമൂലം കമുക് കൃഷി വലിയ ഭീഷണിയെ നേരിടുകയാണ്. കോഴിക്കോട് ജില്ലയിലെ പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, കൊടിയത്തൂർ, മുക്കം എന്നീ പഞ്ചായത്തുകളിൽ കമുകിൻ തോപ്പുകളിൽ വൻതോതിൽ മഞ്ഞളിപ്പുരോഗം ബാധിച്ച് കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. പുതുപ്പാടി പഞ്ചായത്തിലെ കമുക് കൃഷി മിക്കവാറും നശിച്ചുകഴിഞ്ഞു എന്നുതന്നെ പറയാം. കോടഞ്ചേരി, കൂടരഞ്ഞി പഞ്ചായത്തുകളിലെ പകുതിയോളം തോട്ടങ്ങളിൽ രോഗം ബാധിച്ചുകഴിഞ്ഞു. ഇലകളിൽ പ്രത്യക്ഷമാകുന്ന മഞ്ഞനിറം ക്രമേണ വ്യാപിച്ച് കവുങ്ങിന്റെ തലപ്പുകൾ ശോഷിച്ച് നശിക്കുമ്പോഴാണ് രോഗം പ്രത്യക്ഷമാകുന്നത്. ഈ രോഗം ബാധിച്ച കവുങ്ങിന്റെ ഉല്പാദനം ഒന്നുരണ്ടു വർഷം കൊണ്ട് പൂർണ്ണമായും നിലച്ചുപോകുകയാണ് ചെയ്യുന്നത്. രോഗം ബാധിച്ചുകഴിഞ്ഞാലുണ്ടാകുന്ന അടയ്ക്ക ഗുണനിലവാരമില്ലാത്തതും കമ്പോളത്തിൽ വിപണന സാദ്ധ്യതയില്ലാത്തതുമായി മാറുകയാണ്. വർഷങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly